കുടുംബശ്രീ

തദ്ദേശസ്വയംഭരണ വകുപ്പ്

2011 ജനുവരി 1
തിരുവനന്തപുരം
ലക്കം 25

# കുടുംബശ്രീ വാർത്താപത്രിക

email: info@kudumbashree.org
www.kudumbashree.org

# എൻ.ആർ.എൽ.എമ്മിന് കുടുംബശ്രീ മാതൃക



> “തദ്ദേശഭരണസ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ കുടുംബശ്രീയിലൂടെ കൂടുതൽ സുസ്ഥിരവും വ്യവസ്ഥാപിതവും ആകുന്നു. അതുകൊണ്ടുതന്നെ കുടുംബശ്രീ മാതൃക എൻ.ആർ.എൽ.എമ്മിന് പ്രയോജനപ്രദമാണ്. ”
>
> **മന്ത്രി പാലോളി മുഹമ്മദ്കുട്ടി (തദ്ദേശസ്വയംഭരണ വകുപ്പ്)**

> “വികസനത്തിന് അഭിവാജ്യഘടകമാണ് പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങൾ. പുതിയതായി കൊണ്ടുവന്ന എൻ.ആർ.എൽ.എം സാധ്യതകൾ മനസ്സിലാക്കി വികസിപ്പിച്ചെടുക്കണം. എന്നാൽ മാത്രമേ പാവപ്പെട്ടവരുടെ സംഘടാനാ സംവിധാനത്തിലൂടെ സാമൂഹ്യാധിഷ്ഠിത സംഘടനാ സംവിധാനം സമഗ്രമാകൂ. വിരുദ്ധമനോഭാവത്തെ ഉപേക്ഷിച്ചാൽ മാത്രമേ നമ്മളുദ്ദേശിക്കുന്ന രീതിയിൽ ഫലവത്തായ പ്രവർത്തനങ്ങൾ കൊണ്ടുവരാൻ കഴിയൂ.”
>
> **ബി.കെ. സിൻഹ (സെക്രട്ടറി, റൂറൽ ഡെവലപ്മെന്റ്)**

> “പഞ്ചായത്ത്‌രാജ് സംവിധാനത്തിലൂടെ ദാരിദ്ര്യ ലഘൂകരണം സാധ്യമാകാൻ കുടുംബശ്രീയുടെ പാഠങ്ങൾ നമുക്ക് വഴികാട്ടിയാണ്. ലൈവ്‌ലിഹുഡ് മാതൃക ഫലപ്രദമായി നടപ്പിലാക്കുന്നതിന് അത് സഹായിക്കും.”
>
> **റ്റി. വിജയകുമാർ(ജോയിന്റ് സെക്രട്ടറി, റൂറൽ ഡെവലപ്മെന്റ്)**

**കേന്ദ്രാവിഷ്കൃത** പദ്ധതിയായ ദേശീയ ഗ്രാമീണ ഉപജീവന മിഷന് കുടുംബശ്രീ മാതൃക. ഗ്രാമീണ ദാരിദ്ര്യ നിർമ്മാർജ്ജനം എന്നതാണ് ലക്ഷ്യം.

നിലവിലുള്ള എസ്.ജി.എസ്.വൈ (സ്വർണ ജയന്തി ഗ്രാമീൺ സ്വരോസ്ഗർ യോജന) പദ്ധതിയ്ക്കു പകരമാണ് എൻ.ആർ.എൽ.എം ആവിഷ്കരിച്ച് കുടുംബശ്രീ സംസ്ഥാനതലത്തിൽ നടപ്പിലാക്കുന്നത്.പൊതുസമൂഹത്തിൽ കടുത്ത ദാരിദ്ര്യം അനുഭവിക്കുന്ന വിഭാഗങ്ങളെ കുടുംബശ്രീയുടെ കുടക്കീഴിൽ അണിനിരത്തുന്നതുമൂലം ദാരിദ്ര്യ നിർമ്മാർജ്ജനത്തോടൊപ്പം പ്രാദേശിക സാമ്പത്തിക വികസനവും സാധ്യമാകുന്നു.

ഐ.ആർ.ഡി.പി മുതൽ എസ്.ജി.എസ്.വൈ വരെയുള്ള പദ്ധതികൾ സ്വയം തൊഴിൽ/ജീവന അവസരങ്ങൾ സൃഷ്ടിക്കുന്നതിനാണ് ഊന്നൽ കൊടുത്തിരുന്നത്. എന്നാൽ ദാരിദ്ര്യം അനുഭവിക്കുന്നവരുടെ ശേഷി വികസനവും അവരുടേതായ സംഘടനാസംവിധാനവും ഉണ്ടെങ്കിൽ മാത്രമേ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കൂടുതൽ സമഗ്രവും സുസ്ഥിരവുമാകൂ. അതുകൊണ്ടുതന്നെ കേരളത്തിലെ കുടുംബശ്രീയുടെയും ആന്ധ്രയിലെ എസ്.ഇ.ആർ.പി(സൊസൈറ്റി ഫോർ എലിമിനേഷൻ ഓഫ് റൂറൽ പോവർട്ടി) യുടെയും അനുഭവങ്ങൾ മാതൃകകളാക്കിക്കൊണ്ടാണ് എൻ.ആർ.എൽ.എം പദ്ധതിക്ക് രൂപം കൊടുത്തിട്ടുള്ളത്.

കുടുംബശ്രീ സി.ഡി.എസിന്റെ രൂപീകരണ ലക്ഷ്യം തന്നെ കേന്ദ്ര-സംസ്ഥാന-പ്രാദേശിക സർക്കാരുകളുടേയും വകുപ്പുകളുടേയും ഏജൻസികളുടേയും നേതൃത്വത്തിൽ നടന്നുവരുന്ന എല്ലാവിധ ദാരിദ്ര്യ ലഘൂകരണ യത്നങ്ങളേയും പ്രാദേശിക തലത്തിൽ ഏകോപിപ്പിച്ച് അധിക സമയ നഷ്ടവും സാമ്പത്തിക നഷ്ടവും ഒഴിവാക്കി എത്തേണ്ടിടത്ത് പൂർണ്ണ രൂപത്തിൽ എത്തിക്കുക എന്നതാണ്. ഇതിനായി എല്ലാ തലത്തിലുമുള്ള സർക്കാരുകളുടേയും മുഖ്യഏജൻസിയായിട്ടാണ് കുടുംബശ്രീയെ വിഭാവനം ചെയ്തിരിക്കുന്നത്. അതുകൊണ്ടാണ് പ്രാദേശിക ഭരണകൂടത്തിന്റെ ഭരണഘടനാ ബാധ്യതയായ ദാരിദ്ര്യ നിർമ്മാർജ്ജനം സാധ്യമാക്കുന്നതിന് പ്രാദേശിക ഭരണനേതൃത്വത്തിന്റെ ഏജൻസിയായി കുടുംബശ്രീ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

എൻ.ആർ.എൽ.എംസംസ്ഥാന നടത്തിപ്പ് ചുമതല ലഭ്യമായ കുടുംബശ്രീക്ക് സംസ്ഥാനതലത്തിൽ ഒരു ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണറുടേയും രണ്ട് കോ-ഓർഡിനേറ്റർമാരുടെയും സേവനവും ജില്ലാ തലത്തിൽ ഒരു അസിസ്റ്റന്റ് പ്രോഗ്രാം ഓഫീസറുടെയും ജില്ലാ വനിതാക്ഷേമ ഓഫീസറുടെയും സേവനവും അധികമായി ലഭിക്കും.

ബ്ലോക്ക് പഞ്ചായത്തിന് ബ്ലോക്ക് പഞ്ചായത്ത് എക്സ്റ്റൻഷൻ ഓഫീസറുടെയും ഗ്രാമപഞ്ചായത്തിന് വി.ഇ.ഒ യുടെയും സേവനം കുടുംബശ്രീ മിഷന് ലഭ്യമാകു ന്നതാണ്. ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ മുതൽ വില്ലേജ് എക്സ്റ്റ ൻഷൻ ഓഫീസർ വരെയുള്ളവരുടെ സേവനം ഉടൻ തന്നെ ലഭ്യമാക്കും.

## എൻ.ആർ.എൽ.എം ശില്പശാല

**എ**റണാകുളത്ത് എൻ.ആർ.എൽ.എമ്മിനോടനുബന്ധിച്ച് സംഘടിപ്പിച്ച ദേശീയതല ശില്പശാലയുടെ ഉദ്ഘാടനം തദ്ദേശസ്വയംഭരണ മന്ത്രി പാലോളി മുഹമ്മദ്കുട്ടി നിർവ്വഹിച്ചു. മൂന്ന് ദിവസമായി നടന്ന ശില്പശാലയിൽ ഇന്ത്യയിലെ 17 സംസ്ഥാനങ്ങളിൽ നിന്നുള്ളവർ പങ്കെടുത്തു. പഞ്ചായത്ത് രാജ് സംവിധാനവും സാമൂഹ്യാധിഷ്ഠിത സംഘടനകളും തമ്മിലുള്ള സംയോജന സാധ്യതകളും അതിന്റെ വെല്ലുവിളികളെയും സംബന്ധിച്ച് ആശയവ്യക്തത നല്കുക എന്നതായിരുന്നു എൻ.ആർ.എൽ.എം ശില്പശാലയുടെ ഉദ്ദേശ്യം.

പഞ്ചായത്ത് ഭരണസമിതിയും കുടുംബശ്രീയും തമ്മിലുള്ള ഏകോപനം, സി.ഡി.എസും പഞ്ചായത്തും തമ്മിലുള്ള ഏകോപനം, എ.ഡി.എസും സി.ഡി.എസും തമ്മിലുള്ള പ്രവർത്തനം, അയൽക്കൂട്ടങ്ങളുടെ പ്രവർത്തന ശൈലി എന്നിവയെക്കുറിച്ച് ചോദ്യോത്തര രീതിയിൽ നടത്തിയ ചർച്ച കൂടുതൽ വിവരങ്ങൾ വളരെ ലളിതമായി മനസ്സിലാക്കുന്നതിന് മറ്റു സംസ്ഥാനങ്ങളിൽ നിന്നെത്തിയ പ്രതിനിധികളെ സഹായിച്ചു. അയൽക്കൂട്ടങ്ങൾക്ക് എന്തെല്ലാം സഹായമാണ് ലഭ്യമായത്? അത് ഏത് രീതിയിൽ? തുടർപ്രവർത്തനങ്ങൾ എന്തെല്ലാം എന്നിവയെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങളും ആശയങ്ങളും ചർച്ചയിൽ ഉരുത്തിരിഞ്ഞു.

ഒരു മുറിക്കുള്ളിൽ വെറും ചർച്ചകളിലും അവതരണങ്ങളിലും മാത്രമായി എൻ.ആർ.എൽ.എം ശില്പശാല ഒതുങ്ങിയില്ല. തെരഞ്ഞെടുത്ത അഞ്ച് ജില്ലകളിലെ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിന് നേരിട്ട് സന്ദർശനം നടത്തി. ന്യൂട്രിമിക്സ്, സംഘകൃഷി, നേച്ചർഫ്രഷ്, ആശ്രയ, ബാലസഭ എന്നീ കുടുംബശ്രീയുടെ പദ്ധതികൾ നേരിട്ട് കണ്ട് വിശകലനം നടത്തി. ശില്പശാലയിലുടനീളം പ്രതിഫലിച്ച ആകാംക്ഷ അതിഥികളിൽ ആവേശ മുണർത്തി. ശില്പശാലയുടെ അവസാനം നടത്തിയ റിവ്യൂ മീറ്റിംഗിൽ കുടുംബശ്രീക്ക് അഭിനന്ദനങ്ങളുടെ പ്രവാഹമായിരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.ആർ.എൽ.എം നടപ്പിലാക്കുന്നതിന് കുടുംബശ്രീ ‘ബെസ്റ്റ് മോഡൽ’ ആണെന്ന് അതിഥികൾ അവകാശപ്പെട്ടു.

# 11 ബഡ്സ് സ്കൂളുകൾക്ക് വാഹനം നൽകി



**മാ**നസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വേണ്ടിയുള്ള 11 ബഡ്സ് സ്കൂളുകൾക്ക് മിനി ബസ്സുകൾ നൽകി. തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ, ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം, കോഴിക്കോട് ജില്ലയിലെ കാവിലുംപാറ, കണ്ണൂർ ജില്ലയിലെ പാട്യം, മാങ്ങാട്ടിടം, കരിവെള്ളൂർ, വേങ്ങാട്, മാട്ടൂൽ, എറണാകുളം ജില്ലയിലെ കാഞ്ഞൂർ, മലപ്പുറം ജില്ലയിലെ ചെറുകാവ്, കോഴിക്കോട് ജില്ലയിലെ മാവൂർ എന്നീ സ്കൂളുകൾക്കാണ് വാഹനം നൽകിയത്.

സാമൂഹ്യസുരക്ഷാമിഷന്റെ ധനസഹായത്തോടെ നടപ്പാക്കിയ പദ്ധതിയുടെ ഉദ്ഘാടനം ആരോഗ്യ സാമൂഹ്യ ക്ഷേമവകുപ്പ് മന്ത്രി പി.കെ. ശ്രീമതി ടീച്ചർ നിർവ്വഹിച്ച ചടങ്ങിൽ വി. ശിവൻകുട്ടി എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാനത്തൊട്ടാകെയുള്ള 31 ബഡ് സ്കൂളുകൾ ആണ് ഉള്ളത്. അതിൽ ബാക്കിയുള്ള 20 സ്കൂളുകൾക്കും ആവശ്യമെങ്കിൽ വാഹനം അനുവദിക്കാനുള്ള സഹായം സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും നൽകാൻ തയ്യാറാണെന്ന് മന്ത്രി പി.കെ. ശ്രീമതി ടീച്ചർ പറഞ്ഞു. നിലവിൽ മാനസിക വെല്ലുവിളികൾ നേരിടുന്ന വർക്ക് പ്രതിമാസം 300 രൂപ ധനസഹായം ലഭിക്കുന്നുണ്ട്. ഇതുകൂടാതെ മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ സംരക്ഷണ ചുമതല ഉള്ളവർക്ക് പ്രതിമാസം 300 രൂപ ലഭിക്കത്തക്കവിധത്തിൽ ആശ്വാസ കിരണം പദ്ധതിയിൽ ഭേദഗതി വരുത്തി ജനുവരി ഒന്നു മുതൽ അനുവദിക്കുന്നതാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ കുടുംബങ്ങളെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി 30 രൂപയ്ക്ക് 30,000 രൂപവരെയുള്ള ചികിത്സാ ധനസഹായം ലഭ്യമാക്കുന്നുണ്ട്. കൂടാതെ ഇത്തരം കുടുംബങ്ങളിൽ 20,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് എ.പി.എൽ, ബി.പി.എൽ ഭേദമന്യേ 2 രൂപയ്ക്ക് അരി ലഭ്യമാക്കും. ഏകദേശം മൂന്നര ലക്ഷത്തോളം വൈകല്യമുള്ളവരുടെ വിവരങ്ങൾ ശേഖരിച്ച് തിരിച്ചറിയൽ കാർഡ് നൽകിക്കഴിഞ്ഞു. കാർഡ് ലഭിക്കാത്തവർക്ക് അവസാന അവസരമെന്ന നിലയിൽ ബ്ലോക്കടിസ്ഥാനത്തിൽ കാർഡുകൾ ഉടൻതന്നെ വിതരണം ചെയ്യുന്നതാണെന്ന് മന്ത്രി പി.കെ. ശ്രീമതി ടീച്ചർ പറഞ്ഞു. ബഡ്സ് സ്കൂളുകൾക്കുള്ള മിനി ബസ്സുകൾ ഫ്ളാഗ് ഓഫ് ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

കൊണ്ടോട്ടി എം.എൽ.എ മുഹമ്മദ് ഹാജി, സാമൂഹ്യസുരക്ഷാമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ എലിസബത്ത് റൊസാരിയോ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശാരദാ മുരളീധരൻ, കുടുംബശ്രീ ഡയറക്ടർ പി.മനോഹരൻ എന്നിവർ സംസാരിച്ചു.

### കുഞ്ഞമ്മ ചേച്ചി



# കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് വായ്പാ'മേള'

**കേ**രള സംസ്ഥാന പിന്നോക്കവിഭാഗ വികസനകോർപ്പറേഷന്റെ നേതൃത്വത്തിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നതിന് സംവിധാനമായി. 70 ശതമാനമോ അതിൽ കൂടുതലോ പിന്നോക്ക വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുള്ള അയൽക്കൂട്ടങ്ങൾക്കാണ് വായ്പയ്ക്ക് അർഹത.



തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലാണ് വായ്പാ വിതരണം പൈലറ്റായി ആരംഭിച്ചത്. കെ.എസ്.ബി.സി.ഡി.സി (കേരള സ്റ്റേറ്റ് ബാക്ക്വേർഡ് ക്ലാസ്സസ് ഡെവലപ്മെന്റ് കോർപ്പറേഷൻ) കുടുംബശ്രീ സി.ഡി.എസ്സുകൾക്ക് ബൾക്ക് ലോണായി അനുവദിക്കുന്ന തുക സി.ഡി.എസ്, കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് വായ്പയായി നൽകുന്നു. 50% പലിശ ഉൾപ്പെടെ മാസത്തവണകളായി സി.ഡി.എസ് പിരിച്ചെടുക്കും. ഇതിൽ 3% പലിശ സി.ഡി.എസ്സിന് പിരിച്ചെടുക്കുന്നതിനുള്ള ഇൻസെന്റീവ് ആയി നിലനിർത്തുകയും 2% പലിശ ഉൾപ്പെടെയുള്ള തുക കോർപ്പറേഷനിൽ അടയ്ക്കുകയും വേണം. ഈ സംവിധാനം ഫലപ്രദമായി നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് വിലയിരുത്തൽ സമിതി, സി.ഡി.എസ് തലം, എ.ഡി.എസ് തലം, എം.എഫ് സബ് കമ്മിറ്റി എന്നീ തലങ്ങളിൽ നിരീക്ഷണം നടത്തുന്നുണ്ട്. കൂടാതെ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിന് ബന്ധപ്പെട്ട സി.ഡി.എസ് അക്കൗണ്ടന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

താഴെപറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് വായ്പ ലഭ്യമാക്കുക.

1.എൻ.എച്ച്.ജികൾക്ക് സി.ഡി.എസ്സുകൾ മുഖേന മൈക്രോ ക്രെഡിറ്റ് വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

2.പ്രൊപ്പോസ്ഡ് എൻ.എച്ച്.ജികളുടെ സെൽഫ് അപ്രൈസൽ, സി.ഡി.എസ്സിന്റെ അപ്രൈസൽ ഇവ നിശ്ചിത ഫോർമാറ്റിൽ നൽകേണ്ടതാണ്. അപ്രൈസലിൽ 80% ത്തിലധികം സ്കോർ ചെയ്യുന്ന എൻ.എച്ച്.ജികളെ മാത്രമേ പരിഗണിക്കുകയുള്ളൂ.

3. മുൻ വർഷങ്ങളിലെ KAASS (കുടുംബശ്രീ ഓഡിറ്റ് & അക്കൗണ്ട് സർവ്വീസ് സൊസൈറ്റി)റിപ്പോർട്ട്, ഇന്റേണൽ റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. ഗൗരവമായ വീഴ്ചകൾ വരുത്തിയിട്ടുള്ള എൻ.എച്ച്.ജികളെ പരിഗണിക്കുന്നതല്ല.

4.അപേക്ഷിക്കുന്ന എൻ.എച്ച്.ജികൾ ഏതെങ്കിലും നാഷണലൈസ്ഡ് ബാങ്കിൽ 'എൻ.എച്ച്.ജി ഗ്രേഡിംഗ് ആന്റ് ബാങ്ക് ലിങ്കേജ് പ്രോഗ്രാം' മുഖേന ഗ്രേഡ് ചെയ്യപ്പെട്ടതും വായ്പ എടുത്ത് കൃത്യമായി തിരിച്ചടവ് നടത്തിയിട്ടുള്ളതുമായിരിക്കണം.

5. ഒരു തവണയെങ്കിലും 'എൻ.എച്ച്.ജി ഗ്രേഡിംഗ് ആന്റ് ബാങ്ക് ലിങ്കേജ് പ്രോഗ്രാം' മുഖേന വായ്പ എടുത്ത് തൃപ്തികരമായി തിരിച്ചടച്ച എൻ.എച്ച്.ജികൾ മാത്രമേ പരിഗണിക്കേണ്ടതുള്ളൂ.

6.അപേക്ഷിക്കുന്ന എൻ. എച്ച്.ജികളെ തെരഞ്ഞെടുക്കേണ്ട സാഹചര്യമുണ്ടായാൽ കൂടുതൽ തവണ ബാങ്ക് ലിങ്കേജ് മുഖാന്തിരം വായ്പ എടുത്ത് തൃപ്തികരമായി തിരിച്ചടച്ചിട്ടുള്ള എൻ.എച്ച്.ജികൾക്ക് മുൻഗണന നൽകുന്നതാണ്.

7.ബാങ്കുകളിൽ നിന്നും എൻ.എച്ച്.ജികളുടെ റീപേയ്മെന്റ് സംബന്ധിച്ച് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. 80% ത്തിലധികം റീപേയ്മെന്റ് ഇല്ലാത്ത എൻ.എച്ച്.ജികളെ പരിഗണിക്കുന്നതല്ല.

# അന്താരാഷ്ട്ര മേളയിൽ കുടുംബശ്രീയുടെ കയ്യൊപ്പ്

**15**-ാമത് അന്താരാഷ്ട്ര ചലച്ചിത്രമേളയിലെ പ്രതിനിധികൾക്കുള്ള കിറ്റ് ബാഗ് കുടുംബശ്രീ യൂണിറ്റ് നിർമ്മിച്ചു നല്കി. തിരുവനന്തപുരം ജില്ലയിലെ ആമച്ചലിൽ പ്രവർത്തിക്കുന്ന 'അലങ്കാർ ക്ലോത്ത്ബാഗ് യൂണിറ്റ്' 9000 ബാഗുകളാണ് ഇത്തവണ ചലച്ചിത്രമേള പ്രതിനിധികൾക്കായി നിർമ്മിച്ചത്. കഴിഞ്ഞ 5 വർഷമായി ഇവർ ചലച്ചിത്രമേളയിലേക്ക് ബാഗുകൾ നിർമ്മിച്ചു നൽകുന്നുണ്ട്.




പത്തുപേരടങ്ങുന്ന അലങ്കാർ ക്ലോത്ത്ബാഗ് യൂണിറ്റിന് നേതൃത്വം കൊടുക്കുന്നത് സെക്രട്ടറിയായ ഗിരിജ ശിവദാസനാണ്. കൂടുതൽ ഈടുള്ളതും ഉറപ്പുള്ളതും ഗുണമേന്മയുള്ളതുമായ ബാഗുകൾ വളരെ കുറഞ്ഞ ചെലവിലാണ് കുടുംബശ്രീ കേരള ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷനു ലഭ്യമാക്കിയത്. കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ വൻനേട്ടമാണ് അലങ്കാർ ക്ലോത്ത്ബാഗ് യൂണിറ്റ് ഇത്തവണ കൊയ്തത്. 4000 ബാഗുകളിൽ നിന്നും 9000 ബാഗുകളിലേക്കുള്ള കുടുംബശ്രീ യൂണിറ്റിന്റെ കുതിച്ചുചാട്ടം സൂചിപ്പിക്കുന്നത് സ്ത്രീകൂട്ടായ്മയിലൂടെ വിളഞ്ഞ ഫലങ്ങൾ പൊതുസമൂഹം അംഗീകരിക്കാൻ തുടങ്ങി എന്നാണ്.

പ്ലാസ്റ്റിക് കോട്ടോടുകൂടിയ നെറ്റ് കൊണ്ടുള്ള ബാഗായിരുന്നു 14-ാമത് അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്ക് മാറ്റ് കൂട്ടിയത്. ഇത്തവണ കട്ടികൂടിയ ഡ്രില്ല് ഇനത്തിലെ തുണികൊണ്ടുള്ള ബാഗുകളായിരുന്നു ഏറെ ശ്രദ്ധ പിടിച്ചുപറ്റിയത്. സെക്രട്ടറി ഗിരിജ ശിവദാസനെ കൂടാതെ പ്രസിഡന്റ് നൂർജ ബീവി, ഇന്ദുലേഖ, കൃഷ്ണമ്മ, അബൂസാ ബീവി, യഹിയ ബീവി, വിമല, ഇന്ദിര, ബീമ എന്നിവരടങ്ങുന്ന കുടുംബശ്രീ യൂണിറ്റാണ് ചലച്ചിത്രമേളയിൽ കുടുംബശ്രീ കയ്യൊപ്പ് പതിപ്പിച്ചത്. കഠിനപ്രയത്നത്തിന്റെ ഫലമായാണ് ചലച്ചിത്രമേളയിൽ വിജയഗാഥ രചിച്ച് കടുംബശ്രീ മുന്നേറുന്നത്. "തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി രാവിലെ മുതൽ വൈകിട്ട് വരെയുള്ള ജോലി കഴിഞ്ഞ് മടങ്ങി എത്തിയശേഷമാണ് ബാഗു നിർമ്മാണത്തിൽ ഞങ്ങൾ ഏർപ്പെട്ടിരുന്നത്."- സെക്രട്ടറി ഗിരിജ ശിവദാസൻ പറയുന്നു. നിശ്ചയിച്ച ദിവസത്തിനകം തന്നെ ബാഗ് തയ്ച്ച് അതിൽ ചലച്ചിത്രമേളയുടെ ലോഗോ പ്രിന്റ് ചെയ്ത് നിർമ്മാണച്ചുമതല നൽകിയവരെ ഏൽപ്പിക്കാൻ സ്ത്രീകൾ വളരെയധികം അധ്വാനിച്ചു.

പ്ലാസ്റ്റിക് ബാഗുകൾ വിപണി കീഴടക്കിയിരിക്കുന്ന സാഹചര്യത്തിൽ പരിസ്ഥിതിക്ക് ദോഷം ചെയ്യാത്ത തുണി, കടലാസ്, തഴപ്പായ, ചണം, വാഴനാര് തുടങ്ങിയവ കൊണ്ടുള്ള ബാഗുകൾക്ക് വൻ ഡിമാന്റാണ്. ഇത്തരത്തിൽ സാമൂഹ്യ പ്രതിബദ്ധ തയാർന്ന തീരുമാനങ്ങളും പ്രവർത്തനങ്ങളും സജീവമായതോടെ അലങ്കാർ ക്ലോത്ത്ബാഗ് യൂണിറ്റ് അതിനെ പ്രതീക്ഷയോടെയാണ് കാണുന്നത്. വിദേശി ഉത്പന്നങ്ങളെ ആശ്രയിക്കുകയും സ്വകാര്യ മേഖലയിലെ മത്സരക്കുതിപ്പുകൾ നിലനിർത്തുകയും ചെയ്യുന്ന പൊതുസമൂഹത്തിൽ വ്യത്യസ്തത പുലർത്തി അലങ്കാർ ക്ലോത്ത്ബാഗ് യൂണിറ്റ് മാതൃക കാണിച്ചിരിക്കുന്നു.

# വരവൂരിന്റെ വിജയഗാഥ

**കു**ടുംബശ്രീ സംഘടനാ സംവിധാനം വളരെ ശക്തമായി വേരുറപ്പിച്ചിട്ടുള്ള പഞ്ചായത്തായ വരവൂർ വിജയപഥത്തിൽ. തൃശ്ശൂർ ജില്ലയിലെ വരവൂർ ഗ്രാമപഞ്ചായത്തിൽ ആകെ 166 അയൽക്കൂട്ടങ്ങളാണ് ഉള്ളത്. അതിൽ 50 അയൽക്കൂട്ടങ്ങൾ നിലവിൽ ബാങ്കുമായി ലിങ്ക് ചെയ്തു കഴിഞ്ഞു. സംരംഭങ്ങളെക്കുറിച്ചോ കുടുംബശ്രീ പദ്ധതികളെകുറിച്ചോ അറിയാൻ പലരും താത്പര്യം കാണിക്കാത്ത സാഹചര്യത്തിലാണ് അയൽക്കൂട്ടങ്ങളെ ബാങ്ക് ലിങ്കേജിലൂടെ വരവൂർ സി.ഡി.എസ് മുന്നോട്ട് കൊണ്ടു വന്നത്.

ഏത് ലോണിനെക്കാളും ലാഭം കുടുംബശ്രീ ലോണാണെന്നുള്ള തിരിച്ചറിവ് ബാങ്ക് ലിങ്കേജിൽ ഏർപ്പെടാൻ അയൽക്കൂട്ടങ്ങളെ പ്രേരിപ്പിച്ചു. ബാങ്ക് ലിങ്കേജിന്റെ ഗുണങ്ങളെക്കുറിച്ചും ഗ്രേഡിംഗ് രീതികളെക്കുറിച്ചും പലിശ സബ്സിഡി എന്ന പേരിൽ ലഭിക്കാൻ പോകുന്ന ആനുകൂല്യങ്ങളെക്കുറിച്ചുമുള്ള ധാരണ അവർക്ക് പ്രയോജനപ്രദമായിരുന്നു. വരവൂർ സി.ഡി.എസ്സിന്റേയും പഞ്ചായത്ത് ഭരണസമിതികളുടെയും ബാങ്കുകളുടെയും സഹകരണത്തോടെ പ്രവർത്തിച്ചതിന്റെ ഫലമായാണ് വരവൂരിലെ അയൽക്കൂട്ടങ്ങളെ ബാങ്ക് ലിങ്കേജിൽ പങ്കാളിയാക്കാൻ സഹായിച്ചത്. തുടക്കത്തിൽ, അയൽക്കൂട്ടങ്ങൾ ലിങ്കേജ് വായ്പ നേടുന്നതിനെക്കുറിച്ച് അയൽക്കൂട്ട സെക്രട്ടറിമാരുടെ യോഗം വിളിച്ചുചേർത്ത് ബാങ്ക് ലിങ്കേജിന്റെ സാധ്യതകളെപ്പറ്റിയും അതുവഴി ഉണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ചും അത് നേടിയെടുക്കേണ്ട രീതികളെക്കുറിച്ചും വിശദീകരിച്ചു. അയൽക്കൂട്ടത്തിന്റെ സാമ്പത്തിക പ്രവർത്തനത്തിൽ പുലർത്തേണ്ട ചിട്ടകളെ സംബന്ധിച്ച് വ്യക്തമാക്കിക്കൊടുത്തു. തുടർന്ന് സി.ഡി.എസ് പ്രതിനിധികൾ ബാങ്കുമായി ചേർന്ന് അയൽക്കൂട്ടങ്ങളെ ഗ്രേഡിങ്ങിന് വിധേയമാക്കി. എസ്.ബി.റ്റി വരവൂർ, സർവ്വീസ് സഹകരണ സൊസൈറ്റികൾ എന്നീ സ്ഥാപനങ്ങളിലൂടെയാണ് അയൽക്കൂട്ടങ്ങൾക്ക് വായ്പ അനുവദിച്ചത്.

2006 മുതലാണ് വരവൂർ സി.ഡി.എസ് മുഖേന ധനകാര്യ സ്ഥാപനങ്ങൾ വഴി വായ്പ ലഭ്യമാക്കി തുടങ്ങിയത്. ലിങ്കേജ് വായ്പയുടെ നല്ലൊരു ശതമാനവും വരുമാനദായക പ്രവർത്തനങ്ങൾക്കുവേണ്ടിയാണ് ചെലവാക്കിയത്. കാർഷിക മേഖലയിൽ സ്വയംപര്യാപ്തത നേടാനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനും ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങളിൽ 22 അയൽക്കൂട്ടങ്ങളാണ് പങ്കാളികളായത്. കൂടാതെ റെഡിമെയ്ഡ് വസ്ത്രങ്ങൾ ആവശ്യക്കാരിൽ എത്തിച്ചു കൊടുക്കുന്നതിനുള്ള കരുത്തുറ്റ ശൃംഖലയായും അയൽക്കൂട്ടങ്ങൾ മാറി. സാമ്പത്തിക ശാക്തീകരണ പ്രവർത്തനങ്ങളിൽ എടുത്തുപറയേണ്ടതും വ്യത്യസ്തത പുലർത്തുന്നതുമായ മേഖലയിലേയ്ക്കായിരുന്നു അയൽക്കൂട്ടങ്ങളുടെ മറ്റൊരു ചുവടുവെയ്പ്. ലിങ്കേജ് വായ്പയിലൂടെ ലഭ്യമായ തുകയിൽ നിന്നും ഒരുമാസം ഏകദേശം 20,000 രൂപയുടെ വീട്ടാവശ്യ സാധനങ്ങൾ (പലചരക്ക്) വാങ്ങുകയും അംഗങ്ങൾ തുല്യമായി അത് വീതിച്ചെടുക്കുകയും ചെയ്യുന്നതോടൊപ്പം വായ്പ തിരിച്ചടയ്ക്കുന്നതിൽ അയൽക്കൂട്ടാംഗങ്ങൾ വീഴ്ച വരുത്താറില്ല. കുടുംബശ്രീ സി.ഡി.എസ് മുഖേന അയൽക്കൂട്ടങ്ങൾക്ക് ധനകാര്യ സ്ഥാപനങ്ങൾ നൽകുന്ന വായ്പാ ഗഡുക്കൾ അയൽക്കൂട്ടാംഗങ്ങൾ സി.ഡി.എസ്സിന്റെ നേതൃത്വത്തിൽ കൃത്യസമയത്ത് അതാത് ധനകാര്യസ്ഥാപനങ്ങളിൽ തിരിച്ചടയ്ക്കുകയും ചെയ്യുന്നു. സി.ഡി.എസ് നടത്തുന്ന റിവ്യൂ മീറ്റിങ്ങിൽ വായ്പാ കുടിശ്ശികക്കാരുടെ വിവരം അറിയിക്കുകയും എ.ഡി.എസ് പ്രസ്തുത അയൽക്കൂട്ടങ്ങൾക്ക് വായ്പ അടയ്ക്കുന്നതിനുവേണ്ടി നിർദ്ദേശം നൽകുകയും ചെയ്യുന്നു. ഇപ്രകാരം ബാങ്ക് ലിങ്കേജ് ഇന ത്തിൽ 100% വായ്പാ തിരിച്ചടവ് സി.ഡി.എസ് ഉറപ്പുവരുത്തുന്നു.

പലിശ സബ്സ്ഡി സ്കീം വന്ന ശേഷം ലിങ്കേജ് വായ്പയോട് മുഖം തിരിഞ്ഞ് നിന്നിരുന്ന അയൽക്കൂട്ടങ്ങൾ പോലും ഇതിനോടു താലപര്യം കാണിച്ചു തുടങ്ങിയിരിക്കുന്നു. "ഒരു വ്യക്തിക്ക് വായ്പ ലഭ്യമാകുക എന്നത് വളരെ പ്രയാസപ്പെട്ട കാര്യമാണ്. എന്നാൽ കുടുംബശ്രീയുടെ പലിശ സബ്സിഡി പദ്ധതി അനായാസം ജനങ്ങളിൽ എത്തുന്നു. അതുകൊണ്ടുതന്നെ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് വായ്പ നൽകുന്നതിൽ ബാങ്കുകാരും താല്പര്യം കാണിക്കുന്നു. അതിനുകാരണം കുടുംബശ്രീ പ്രവർത്തകരുടെ കൂട്ടായ്മയും പരസ്പരധാരണയും കഴിവുമാണ്". വരവൂർ സി.ഡി.എസ് ചെയർപേഴ്സൺ ഗിരിജ പറയുന്നു. സാമ്പത്തികശാക്തീകരണ മേഖലയിൽ കരുത്തുറ്റ പ്രവർത്തനങ്ങൾ കാഴ്ച വെയ്ക്കാനാകുമെന്ന ഉറപ്പാണ് വരവൂർ സി.ഡി.എസ്സിലെ അയൽക്കൂട്ട അംഗങ്ങൾക്കുള്ളത്.

സ്ത്രീകൂട്ടായ്മയിലൂടെ സാമ്പത്തിക ശാക്തീകരണം സാധ്യമാണെന്ന് വരവൂർ സി ഡി എസ് തെളിയിച്ചു കഴിഞ്ഞു. അതുകൊണ്ടുതന്നെ അടിസ്ഥാന വികസനവും പ്രാദേശിക സാമ്പത്തിക വികസനവും വരവൂരിൽ സാധ്യമായിരിക്കുകയാണ്.

# ഗ്രാമങ്ങളിൽ സാമ്പത്തിക സേവനം

**ബാ**ങ്ക് സേവനം ലഭ്യമല്ലാത്ത ഗ്രാമങ്ങളിൽ ബാങ്കിംഗ് സേവനം എത്തിക്കുന്നതിനുള്ള സാമ്പത്തികാഗിരണപദ്ധതിക്കു കുടുംബശ്രീയുമായി എസ്.ബി.ടി ധാരണാപത്രം ഒപ്പുവച്ചു. ഒരുലക്ഷത്തിൽപ്പരം ഇടപാടുകാരെ ഗ്രാമങ്ങളിൽ നിന്ന് ഉൾക്കൊള്ളിക്കണമെന്നതാണ് ബാങ്കിന്റെ ലക്ഷ്യം.

ഗ്രാമങ്ങളിൽ വ്യാപാര പ്രതിനിധികളായി കുടുംബശ്രീ മിഷൻ പ്രവർത്തിക്കും. ഗ്രാമങ്ങളിലെ കസ്റ്റമർ സർവീസ് കേന്ദ്രങ്ങളിലെ മൈക്രോ എ.ടി.എമ്മുകൾ കൈകാര്യം ചെയ്യുന്നതു കുടുംബശ്രീയ്ക്കു കീഴിലുള്ള സ്വാശ്രയ സംഘങ്ങളായിരിക്കും. ഈ ബിസിനസ് പ്രതിനിധികൾ വഴി ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാകുമെന്നതിനാൽ ഇടപാടുകാർക്കും ബാങ്കിടപാടിനു ബാങ്കിന്റെ ഒരു ശാഖയിലും സമീപിക്കേണ്ടി വരില്ല. ഈ ബിസിനസ് പ്രതിനിധികൾക്കു ബാങ്ക് പരിശീലനവും പിന്തുണയും നൽകും.

ഹൈദരാബാദിലെ ബാർട്രോണിക്സ് ഇന്ത്യയാണ് സാങ്കേതിക സഹായം ലഭ്യമാക്കുന്നത്. ഹാർഡ് വെയറും സോഫ്റ്റ് വെയറും റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ സാങ്കേതികതയുള്ള ജാവാ സ്മാർട് കാർഡുകളും അവർ നൽകും. കാർഡിൽ സംഭരിച്ചിട്ടുള്ള വിരലടയാളങ്ങളിലൂടെ ഇടപാടുകാരെ തിരിച്ചറിയാം. നിർദ്ദിഷ്ട ഗ്രാമീണ ഇടപാടുകാർക്കും പ്രാഥമികമായി ശൂന്യബാലൻസ് അക്കൗണ്ട്, പൊതു ക്രെഡിറ്റ് കാർഡ് അല്ലെങ്കിൽ കിസാൻ ക്രെഡിറ്റ് കാർഡ്, ത്രിഫ്റ്റ് ഡിപ്പോസിറ്റ് അക്കൗണ്ട് എന്നിവ നൽകും. കാലാവധി നിക്ഷേപം, തുക അടയ്ക്കൽ, ബിൽ അടയ്ക്കൽ, മൈക്രോ ഇൻഷ്വറൻസ് എന്നിവയും ലഭ്യമാകും.

ബാങ്കിന്റെ ഡയറക്ടർ പി. പ്രദീപ്കുമാർ, ചീഫ് ജനറൽ മാനേജർ എസ്. ബാലചന്ദ്രൻ എന്നിവരുടെ സാന്നിധ്യത്തിൽ ആസൂത്രണ-വികസന വിഭാഗം ജനറൽ മാനേജർ ശന്തനുമുഖർജിയും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശാരദാ മുരളീധരനും ആണ് ധാരണാപത്രത്തിൽ ഒപ്പുവച്ചത്.

## പ്രതികരണം

**സർ**

കുടുംബശ്രീ വാർത്താപത്രിക മുടങ്ങാതെ വായിക്കുന്നു. കണ്ണൂർ നടുവിൽ പഞ്ചായത്തിൽ നവദീപം കുടുംബശ്രീയുടെ ജൈവവളത്തിന്റെ ഉല്പാദനത്തിനായി മുന്നോട്ടുവന്നിട്ടുള്ള മണ്ണിര കമ്പോസ്റ്റ് എന്ന പദ്ധതിയെകുറിച്ച് വായിച്ചു. പച്ചക്കറി, മരംവളർത്തൽ എന്നിവയ്ക്ക് അത്യാവശ്യമാണ് വളം. ഇത് സ്വന്തമായി നിർമ്മിക്കാൻ കുടുംബശ്രീകൾ തയ്യാറായത് പഴയ കൊയ്ത്തുകാലത്തിന്റെ തിരിച്ചുവരവ് നാടൻ പാട്ടുകളിലൂടെ പുതിയ തലമുറയിലേക്ക് എത്തിക്കാനുള്ള ഒരു ശ്രമം തന്നെയാണ് കുടുംബശ്രീ യൂണിറ്റുകൾ ഏറ്റെടുക്കുന്നത് എന്ന് തീർച്ചയായും പറയാം.

**ഓച്ചിറ ശിവകുമാർ**
പ്രയാർ വടക്ക്




# ബാലസഭയിലെ കൂട്ടുകാരി

## ധനുഷ



**ഒ**രു കൊച്ചുമിടുക്കിയാണ് ധനുഷ. ചെറുവത്തൂർ ഗ്രാമപഞ്ചായത്തിലെ വടക്കേവളപ്പ് എസ്.സി കോളനിയിലെ മഞ്ചാടി ബാലസഭയുടെ പ്രസിഡന്റ്. ബാലസഭ പ്രസിഡന്റ് എന്നതിനുപരി ബാലസഭയുടെ നെടുംതൂണാണ് ധനുഷ. കൂട്ടുകാരുടെ എല്ലാമെല്ലാമാണ് ധനുഷ. കോളനിയിലെ ഏറ്റവും ദരിദ്ര കുടുംബത്തിലെ ഇളയ കുട്ടിയാണവൾ. അച്ഛൻ കുഞ്ഞാപ്പു ഹൃദ്രോഗം നിമിത്തം ഈ അടുത്താണ് അന്തരിച്ചത്. അമ്മ ദേവകി മണൽവാരുന്നതിനിടെ നട്ടെല്ലിനു ക്ഷതം വന്ന് രോഗഗ്രസ്തയായിരിക്കുന്നു. വീട്ടിൽ ധനുഷയെ കൂടാതെ പണിക്കു പോകുന്ന ഒരു ചേട്ടനും വിദ്യാർത്ഥിനിയായ ഒരു ചേച്ചിയും ഉണ്ട്.എല്ലാ വിഷയങ്ങൾക്കും A+ ഗ്രേഡ് നേടുന്ന ഈ മിടുക്കി ചെറുവത്തൂർ കുട്ടമ്മത്ത് ഗവ: ഹയർ സെക്കന്ററി സ്കൂളിൽ എട്ടാംതരം വിദ്യാർത്ഥിനിയാണ്.കുടുംബശ്രീ വഴി ബാലസഭയെക്കുറിച്ച് കേട്ടറിഞ്ഞ ധനുഷ ദൃശ്യ, സൗപർണ്ണിക എന്നീ കുടുംബശ്രീയുടെ സഹായത്തോടുകൂടി ബാലസഭ രൂപീകരിച്ചു. തന്റെ ബുദ്ധിമുട്ടുകൾ തനിക്കു തരുന്ന ഒറ്റപ്പെടലുകൾ പോലെ തന്നെയാണ് തന്റെ കൂട്ടുകാർക്കും ഉണ്ടായേക്കാവുന്നത് എന്ന ഒരു തിരിച്ചറിവാണ് ബാലസഭയുടെയും ചെറു പഠന സംഘത്തിന്റെയും രൂപീകരണത്തിന് ധനുഷയ്ക്ക് പ്രചോദനമായത്.28 അംഗങ്ങൾ ഉള്ള ബാലസഭയിൽ കൂട്ടുകാർക്ക് ധനുഷ ട്യൂഷൻ എടുത്തുകൊടുക്കുന്നു. ഇംഗ്ലീഷ്, ഹിന്ദി, കണക്ക്, ചരിത്രം, ജനറൽ നോളേജ് തുടങ്ങി പാഠപുസ്തകത്തിലുള്ളതും മുൻപ് പഠിച്ചതും കേട്ടതും എല്ലാം കോർത്തിണക്കി കൂട്ടുകാർക്ക് അറിവിന്റെ ഒരു പുതുലോകം തുറന്നുകൊടുക്കുന്നു.

ആദ്യമാദ്യം കുറച്ചു കുട്ടികൾ മാത്രം ഉണ്ടായിരുന്ന ബാലസഭയിൽ കൂടുതൽ കുട്ടികൾ എത്തിയത് എങ്ങനെ എന്നു ചോദിച്ചപ്പോൾ രക്ഷിതാക്കളിലൊരാൾ പറഞ്ഞു- "ബലസഭാ കുട്ടികളിൽ ഉണ്ടാകുന്ന മാറ്റം കണ്ട് ഇത്തരത്തിലായിരിക്കണം ഞങ്ങളുടെ കുട്ടികളുടെ വളർച്ചയും എന്ന് ആഗ്രഹിക്കുന്നു" ധനുഷ നടത്തുന്ന ക്ലാസുകൾക്ക് കൂട്ടായി ബാലസഭയിലെ മുതിർന്ന കുട്ടികൾ ഉണ്ട്. ക്ലാസിനെക്കുറിച്ചുള്ള അഭിപ്രായം ചോദിച്ചപ്പോൾ മേഘയും കൂട്ടുകാരിൽ മറ്റുപലരും പറഞ്ഞു- "സ്കൂളിലെ പാഠപുസ്തകങ്ങളിൽ ഒതുങ്ങിപ്പോകാതെ അറിവിന്റെ ലോകമായി ധനുഷേച്ചി ഉണ്ട്." ധനുഷയുടെ ശാസ്ത്രീയ നൃത്തവും കുടുംബശ്രീ അംഗമായ രജിമയുടെ നൃത്തനൈപുണ്യവും ഉപയോഗിച്ച് മഞ്ചാടി ബാലസഭാ കുട്ടൂകാർ നൃത്തം അഭ്യസിക്കുന്നു.

പഠനവും നൃത്തവും മാത്രമല്ല മഞ്ചാടിയുടെ പ്രവർത്തനം. കൂട്ടൂകാർക്കു വേണ്ടി കായിക വിനോദത്തിന്റെ ഒരു വിശാലലോകവും ധനുഷ ഒരുക്കിയിരിക്കുന്നു. ഹോളിസ്റ്റിക്ക് പരിശീലനത്തിന് എത്തിപ്പെടാൻ പറ്റാത്ത മഞ്ചാടിയിലെ കൂട്ടൂകാർക്ക് നല്ല ഒരു കളിക്കാരിയായ ധനുഷ ഷട്ടിലും കബഡിയും സ്കിപ്പിംഗും എല്ലാം പരിശീലിപ്പിക്കുന്നു. കാരംസും ചെസും ഫുട്ബോളും അവർക്ക് പഠിപ്പിച്ചുകൊടുക്കുന്നു.എട്ടാം ക്ലാസുകാരിയായ ഈ മിടുക്കി ചിത്രരചനയിലും വർക്ക് എക്സിപീരിയൻസ് മത്സരങ്ങളിലും ഒന്നാം സ്ഥാനക്കാരിയാണ്. ഈ കഴിവുകൾ കൂട്ടുകാരിലേക്ക് എത്തിച്ചുകൊടുക്കുവാൻ ധനുഷ കാണിക്കുന്ന ഔത്സുക്യം മുതിർന്നവർക്ക് പോലും മാതൃകയാണ്.

പത്രവാർത്തകളും ഡയറികുറിപ്പുകളും കൃത്യമായി എഴുതി യോഗങ്ങളിൽ വായിക്കുന്ന ധനുഷയും കൂട്ടുകാരും പ്രധാനപ്പെട്ട ഓരോ ദിനത്തിലും പുതുമയാർന്ന പലപ്രവർത്തനങ്ങളും പൊതുജനങ്ങളുടെ മുന്നിൽ എത്തിക്കുന്നു.പ്ലാസ്റ്റിക്ക് നശീകരണത്തിനായി ചെയ്യുന്ന പ്രവർത്തനങ്ങളും പേപ്പർ ബാഗുകളും തുണി സഞ്ചികളും അയൽക്കൂട്ട കുടുംബങ്ങളിൽ വിതരണം ചെയ്യുന്നതും ധനുഷയും കൂട്ടരും തന്നെ. ഞായറാഴ്ച്ച ദിവസവും ജോലിക്കു പോകേണ്ടിവരുന്ന ഒരു അമ്മ, ആ ദിവസവും തന്റെ കുട്ടികളെ തനിച്ചാക്കാൻ പറ്റാത്തതുകൊണ്ട് നന്നേ ബുദ്ധിമുട്ടിയിരുന്നു. പക്ഷെ ഷർമിള എന്ന ആ അമ്മ പറഞ്ഞത് ബാലസഭയെ വിശ്വസിച്ച് തന്റെ കുട്ടികളെ ധൈര്യമായി വിടുന്നു എന്നാണ്.

പൊളിഞ്ഞു വീഴാറായ കുഞ്ഞു വീട്ടിൽ നിന്നും തന്റെ മറ്റുപല പരിമിതികളിൽ നിന്നും സ്വന്തം കോളനിയിലെ എല്ലാ കൂട്ടുകാരെയും നേടിയെടുക്കാൻ ഉള്ള ഒരു പുതുലോകത്തേക്ക് കൈപിടിച്ച് നടത്തുന്ന ധനുഷയെക്കുറിച്ച് കേൾക്കുമ്പോൾ ആധുനികരായ പലർക്കും തോന്നുന്ന ഒരു ചോദ്യം ഇതിനൊക്കെ എവിടുന്നാ സമയം? എന്നായിരിക്കും.അവിടെയും ധനുഷ തന്റെ കൊച്ചുകൂട്ടുകാർക്ക് വഴികാട്ടിയാകുന്നു. ഞായറാഴ്ച രാവിലെ പത്തുമണിക്കു തന്നെ എല്ലാവരും എത്തുന്നു. യോഗ നടപടികളോടെ ക്ലാസ് ആരംഭിക്കുന്നു. കമ്മ്യുണിറ്റി ഹാളിന്റെ ഓരോ മൂലയിലും കൂട്ടുകാർ ക്ലാസ് തിരിഞ്ഞ് കൂടിയിരിക്കുന്നു. തുടർന്ന് ക്ലാസുകളും ക്വിസും നടത്തുന്നു. ശേഷം ഉച്ചയോടെ പിരിയുന്ന യോഗം ഉച്ചയ്ക്ക് ശേഷം സാമൂഹ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. എല്ലാം ധനുഷയുടെ നേതൃത്വമാണ്. പക്ഷെ ഈ കൊച്ചുമിടുക്കി സ്വന്തം കൂട്ടുകാരെ നേതൃത്വനിരയിലേക്ക് കൊണ്ടുവരാൻ കല, കായികം, വിദ്യാഭ്യാസം തുടങ്ങി ഓരോ വളണ്ടിയർമാർക്ക് ചുമതല കൊടുത്തിട്ടുണ്ട്.

ജില്ലാ മിഷന്റെ ഇടപെടലിലൂടെ രണ്ട് ചെറു പഠന സംഘങ്ങൾ ഈ ബാലസഭയിൽ ഉണ്ടാക്കുകയും ജൈവവൈവിധ്യ വർഷത്തിന്റെ ഭാഗമായി ഹെർബേറിയം രചനയ്ക്ക് തയ്യാറെടുക്കുകയാണ്. ബാലസഭയുടെ ഉയർച്ചക്ക് കാരണക്കാരിയായ നമ്മുടെ കൂട്ടുകാരിയെ അനുമോദിക്കാൻ ഒരുങ്ങുകയാണ് കുടുംബശ്രീയും പഞ്ചായത്ത് ഭരണകൂടവും.

## പരിസ്ഥിതി സംരക്ഷണത്തിന്റെ സന്ദേശവുമായി ബാലസഭാ കുരുന്നുകൾ

**പ**ഞ്ചായത്തിന്റെ വികസനത്തിൽ പങ്കാളിയാകാൻ തങ്ങളാൽ കഴിയുന്നത് ചെയ്യുകയാണ് കൊല്ലം ജില്ലയിലെ പൂയപ്പള്ളിയിലെ ബാലസഭാ അംഗങ്ങൾ. അകാല ചരമം പ്രാപിക്കാൻ ഒരുങ്ങുന്ന പ്രകൃതിക്ക് ഒരു കൈത്താങ്ങ് ആകുവാൻ കാലം തെറ്റി പെയ്യുന്ന മഴയിൽ രോഗങ്ങളിൽ നിന്നും നാടിനെ രക്ഷിക്കാൻ അവർ രംഗത്തിറങ്ങി.

ബാലസഭ വെക്കേഷൻ ക്യാമ്പിനോടനുബന്ധിച്ച് ചിക്കൻഗുനിയ, മലമ്പനി, ഡെങ്കിപനി, എലിപനി എന്നീ രോഗങ്ങളെക്കുറിച്ച് കുട്ടികൾക്ക് ബോധവത്കരണ ക്ലാസ് കൊടുത്തിരുന്നു. അതിനാൽ പകർച്ച വ്യാധികളെക്കുറിച്ച് മനസിലാക്കിയ അവർ പഞ്ചായത്ത്തോറും ബോധവത്കരണവും സോഷ്യൽ സർവ്വെയും നടത്തി. കുട്ടികൾ തന്നെ ചോദ്യാവലി തയ്യാറാക്കി വാർഡുകളിൽ സർവ്വേയ്ക്ക് ഇറങ്ങി.

വീടുകൾ, കടകൾ, പൊതു സ്ഥാപനങ്ങൾ എന്നിവയായിരുന്നു ലക്ഷ്യസ്ഥാനങ്ങൾ. മാലിന്യങ്ങൾ ഉണ്ടാകുന്നതിനുള്ള കാരണവും മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് സമൂഹത്തിന് ബോധവത്ക്കരണം നല്കുക എന്നതായിരുന്നു ലക്ഷ്യം. വേണ്ടത്ര രീതിയിൽ ശുചീകരണ പ്രവർത്തനങ്ങളോ മാലിന്യ സംസ്കരണമോ കടകളിൽ നടക്കുന്നില്ല എന്ന് സർവ്വേയിൽ കണ്ടെത്തി. ഇതിനെതുടർന്ന് കടഉടമകൾക്കും സാധനങ്ങൾ വാങ്ങാൻ എത്തിയവർക്കും ശരിയായ ശുചിത്വത്തെക്കുറിച്ച് ബാലസഭാ കുട്ടികൾ പറഞ്ഞു കൊടുത്തത് ഏറെ ശ്രദ്ധേയമായി. അസുഖങ്ങൾ പെരുകുന്നതിന് മറ്റൊരു കാരണം മലിനജലം കെട്ടിനിൽക്കാൻ അനുവദിക്കുന്നതാണെന്നും ബാലസഭാ കുട്ടികളുടെ സർവ്വേ പഠനം സൂചിപ്പിക്കുന്നു. മലിനജലം കെട്ടിനിന്നാൽ സംഭവിക്കുന്ന ദോഷവശങ്ങളെകുറിച്ച് ഓരോ വീട്ടുകാർക്കും നിർദ്ദേശം നൽകുന്നതോടൊപ്പം കൊതുക് ഉറവിട നശീകരണ പ്രവർത്തനങ്ങളിൽ കുട്ടികൾ പങ്കാളികളാകുകയും ചെയ്തു.

കൊതുകു പെരുകുന്നതിനുള്ള കാരണം റബ്ബർ തോട്ടങ്ങളാണെന്ന് സർവ്വെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. മാലിന്യം പെരുകി രോഗങ്ങൾക്ക് അടിമപ്പെടുന്ന സമൂഹത്തിന് ആശ്വാസമേകാൻ പൂയപ്പള്ളി പഞ്ചായത്തിൽ ബാലസഭാ കുട്ടികൾ പ്രമേയം സമർപ്പിച്ചത് അഭിനന്ദനീയം തന്നെയാണ്. ചവർ നിക്ഷേപിക്കുന്നതിനായി 10 വീടുകൾക്ക് ഒരു കുപ്പത്തൊട്ടി, മാലിന്യ സംസ്കരണത്തിന് പ്ലാന്റ് സ്ഥാപിക്കണം എന്നിവ പ്രമേയത്തിൽ ഉൾപ്പെടുത്തിയിരുന്നു.

ബാലസഭാ കുട്ടികളുടെ ഈ ഉദ്യമത്തിൽ നാട്ടുകാരും ആശ്വാസത്തിലാണ്. വളർന്ന് വരുന്ന തലമുറയുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ അവരും ഇപ്പോൾ സന്നദ്ധമാണ്.

## ജൈവവൈവിധ്യ പ്രചാരണവുമായി ബാലസഭ



**കു**ടുംബശ്രീ ബാലസഭ പ്രവർത്തനങ്ങളുടെ ഭാഗമായി 2010 ജൈവവൈവിധ്യ വർഷമായി ആചരിച്ചു. കുടുംബശ്രീയും കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡും സംയുക്തമായാണ് ബാലസഭയുടെ ജൈവവൈവിധ്യ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചത്. ഇതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടന്നു. പൊതുജനങ്ങൾക്ക് മികച്ച പാരിസ്ഥിതിക അവബോധം നൽകി അവരെ ജൈവവൈവിധ്യ സംരക്ഷണത്തിന് പ്രാപ്തരാക്കുകയും ജൈവവൈവിധ്യ നാശത്തിന് കാരണമായ ഘടകങ്ങൾ ഇല്ലാതാക്കുകയും ചെയ്യുക എന്നതാണ് ജൈവവൈവിധ്യ പ്രചാരണ പ്രവർത്തനങ്ങളുടെ പ്രഖ്യാപിത ലക്ഷ്യം.

ജൈവവൈവിധ്യ പ്രവർത്തനങ്ങളോടനുബന്ധിച്ച് പ്രത്യേക ബാലപഞ്ചായത്തുകൾ വിളിച്ചു ചേർത്തു. ജൈവവൈവിധ്യ പഠന സംഘങ്ങളുടെ രൂപീകരണം, പഠന പ്രവർത്തനം ശാസ്ത്രീയമായി മുന്നോട്ട് നീക്കുന്നതിന് അനുയോജ്യമായ വിദഗ്ദ്ധരുടെ മാർഗ്ഗനിർദ്ദേശങ്ങൾ, പ്രത്യേക റിസോഴ്സ് ഗ്രൂപ്പ് രൂപീകരണം, പഞ്ചായത്ത്/നഗരസഭാ സൗഹൃദസംഘങ്ങൾ വിളിച്ചുകൂട്ടിയ യോഗങ്ങൾ എന്നിവ ജൈവവൈവിധ്യ പ്രവർത്തനങ്ങൾ കൂടുതൽ മിഴിവുറ്റതാക്കി.

പഠനപ്രവർത്തനങ്ങളെ സംബന്ധിച്ച വിവരങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് എത്തിച്ചുകൊടുത്തത് ഏറെ ശ്രദ്ധപിടിച്ചുപറ്റിയിരുന്നു. ജൈവവൈവിധ്യ രജിസ്റ്ററുകൾ, ഹെർബൽ ആൽബങ്ങൾ എന്നിവ തയ്യാറാക്കി. ബാലസഭ കുട്ടികൾക്കായി ജൈവവൈവിധ്യ പഠനയാത്രകൾ സംഘടിപ്പിച്ചത് കുട്ടികളിൽ ആവേശമുണർത്തി. ജൈവവൈവിധ്യ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാനുതകുന്ന അത്യാവശ്യ വിവരങ്ങൾ ഉൾപ്പെടുത്തി കുടുംബശ്രീയും ജൈവവൈവിധ്യബോർഡും സംയുക്തമായി ജൈവവൈവിധ്യം എന്ന പുസ്തകം തയ്യാറാക്കി. ഇതിൽ കേരളത്തിലെ ജൈവവൈവിധ്യത്തെക്കുറിച്ചും ആവാസസ്ഥാനങ്ങളെക്കുറിച്ചും അതിന്റെ എല്ലാ തലങ്ങളിലുമുള്ള പ്രയോജനമൂല്യങ്ങളെക്കുറിച്ചും സംരക്ഷണത്തെക്കുറിച്ചും വിശദമായി പ്രതിപാദിക്കുന്നു. അതുകൊണ്ടുതന്നെ ജനകീയ ജൈവ വൈവിധ്യ സംരക്ഷണ-പോഷണ പ്രചാരണ പ്രവർത്തനങ്ങൾ കേരളത്തിലെ പരിസ്ഥിതി സംരക്ഷണത്തിന് ഒരു പുത്തൻ മാതൃകയാവുമെന്ന് പ്രതീക്ഷിക്കുന്നു.

# വിജയഗാഥ

## വ്യാവസായിക മേഖലയിൽ സാധ്യത തെളിയിച്ച് 'മധുരം'



**തേ**ൻകാലത്ത് 50 ടൺ തേൻ സംഭരിച്ചുകൊണ്ട് പത്തനംതിട്ട ജില്ലയിലെ കുടുംബശ്രീ യൂണിറ്റുകൾ കേരളത്തിൽ ശ്രദ്ധ നേടിയിരിക്കുകയാണ്. ഉല്പാദന–വിപണന ശൃംഖല ലക്ഷ്യമിട്ടുകൊണ്ട് കുടുംബശ്രീ നടപ്പാക്കുന്ന 'സമഗ്ര' പദ്ധതിയുടെ ഭാഗമാണ് പത്തനംതിട്ടയിലെ 'മധുരം' എന്ന് പേരിട്ടിരിക്കുന്ന തേൻസംഭരണ യൂണിറ്റുകൾ ആരംഭിച്ചിട്ടുള്ളത്.

വ്യാവസായികാടിസ്ഥാനത്തിൽ തേൻ ഉല്പാദിപ്പിക്കാൻ ഉദ്ദ്യേശിക്കുന്ന മധുരം പദ്ധതി കുടുംബശ്രീ ജില്ലാ മിഷന്റെയും ത്രിതല പഞ്ചായത്തുകളുടെയും സംയുക്തസംരംഭമാണ്. കയറ്റുമതിയടക്കം വിപുലമായ വിപണനശൃഖലയാണ് പദ്ധതി ഉന്നമിടുന്നത്. അസംസ്കൃതവസ്തുക്കൾക്ക് മൂലധനം മുടക്കേണ്ടതില്ല എന്നതാണ് തേൻ സംരംഭകരെ സംബന്ധിച്ച് ഏറ്റവും ആദായകരമായ കാര്യം. തേനീച്ചകളെ വളർത്താനുള്ള പെട്ടികൾക്കും ഒരു സെറ്റ് ഈച്ചയ്ക്കും മാത്രമേ മുതൽ മുടക്കേണ്ടതുള്ളൂ. ബാക്കിയെല്ലാം പ്രകൃതിദത്തമായ പ്രതിഭാസങ്ങളാണ്. റബ്ബർ ഉൾപ്പെടെ നിറയെ മരങ്ങളുള്ള പത്തനംതിട്ട മധുരം പദ്ധതിക്ക് ഉത്തമമായ പ്രദേശമാണെന്ന് കണ്ടെത്തിയത്.

വീട്ടുജോലി കഴിഞ്ഞ് വെറുതെയിരിക്കുന്ന സ്ത്രീകൾക്ക് സ്വന്തം വീട്ടുമുറ്റത്തുതന്നെ തേനീച്ചപ്പെട്ടികൾ വച്ച് തേൻസമാഹരണം നടത്താനാവുന്നു എന്നതാണ് ഇതിന്റെ വലിയൊരു മെച്ചം. വിളവെടുപ്പിനായി അല്പനേരം ചെലവഴിക്കണമെന്നല്ലാതെ മറ്റൊന്നിനും സമയം കണ്ടെത്തേണ്ടിവരുന്നില്ല.

കുടുംബശ്രീ പ്രവർത്തകർ തേനീച്ചകളെ സ്നേഹിക്കുകയും അവരുടെ ജീവിതചക്രത്തെക്കുറിച്ച് ഗഹനമായി പഠിക്കുകയും ചെയ്തിട്ടുണ്ട്. ഭയത്തോടെ അകന്നുനിന്നിരുന്ന അവർ ഇപ്പോൾ തേനീച്ചകളുടെ ചങ്ങാതിമാരായി മാറിയിരിക്കുന്നുവെന്ന് സംരംഭകരിൽ പലരും പറയുന്നു. തേൻ ഉല്പാദനം നടക്കാത്ത കാലത്ത് എങ്ങനെ തേനീച്ചകളെ സംരക്ഷിക്കാമെന്നതടക്കം തേനീച്ചക്കൂട് പരിപാലനം, വിളവെടുപ്പ്, സംഭരണം, വിപണനം എന്നിങ്ങനെ വിവിധ കാര്യങ്ങളിൽ സംരംഭകർക്ക് മികച്ച പരിശീലനമാണ് കിട്ടിയിട്ടുള്ളത്.

ഓരോ ഗ്രൂപ്പിലുമുള്ള അംഗങ്ങൾ സ്വന്തം വീട്ടുവളപ്പിൽത്തന്നെയാണ് തേനീച്ചകളെ വളർത്തുന്നതും ഉല്പാദനം നടത്തുന്നതും. മരങ്ങൾ തളിരിടുന്ന കാലമാകുന്നതോടെ നാലു ദിവസം കൂടുമ്പോൾ വിളവെടുക്കാം. ഒരു പെട്ടയിൽനിന്ന് ഒരു കിലോ മുതൽ മൂന്നു കിലോവരെ തേൻ ഓരോ വിളവെടുപ്പിലും കിട്ടുന്നു. 10 മുതൽ 20 നിറപെട്ടികൾ വരെയുള്ള അംഗങ്ങൾ ഓരോ ഗ്രൂപ്പിലുമുണ്ട്. ഒരോ ഗ്രൂപ്പിനും 2 ലക്ഷം രൂപയുടെ വായ്പ വീതം ലഭ്യമാക്കാനും 1 ലക്ഷം രൂപ വീതം സബ്സിഡിയായി അനുവദിക്കാനും കുടുംബശ്രീ ജില്ലാ മിഷനിലൂടെ സാധിച്ചിട്ടുണ്ട്.

നാരങ്ങനീരും ഇഞ്ചീനീരും ഏലക്കാപ്പൊടിയും കൃത്യമായ അളവിൽ മിക്സ് ചെയ്ത് തേനും ചേർത്തുണ്ടാക്കുന്ന സർബത്ത് ഒരു ഉത്തമപാനീയമാണെന്നതിൽ തർക്കമില്ല. ഇതിനും വ്യാവസായിക സാധ്യത നിലനിൽക്കുന്നുണ്ട്.

കിലോയ്ക്ക് 125 രൂപ നിരക്കിൽ ഉല്പാദകരിൽനിന്ന് തേൻ എടുക്കുമെന്ന ധാരണാപ്രകാരമാണ് സമഗ്ര പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഔഷധക്കൂട്ടുകൾക്ക് ഉപയോഗിക്കുന്നതിനു പുറമേ, ജാമിനു പകരമായും സൗന്ദര്യവർദ്ധകവസ്തുവായി തേൻ ഉപയോഗിക്കാം. ഇക്കുറി സംഭരിച്ച തേൻ മുഴുവൻ പ്രാദേശികവിപണിയിൽ വിറ്റഴിക്കാനായത് പ്രതീക്ഷകൾക്ക് ആക്കം കൂട്ടുന്നു. പ്രകൃതിദത്തമായ ഈ ഭക്ഷ്യവസ്തുവിന്റെ ഉപയോഗം ജനങ്ങൾ കുറെക്കൂടി ഗൗരവത്തോടെ കാണുന്നപക്ഷം പ്രാദേശികവികസനമെന്ന സർക്കാരിന്റെ സ്വപ്നം സ്വാഭാവികമായി ലക്ഷ്യം കാണുമെന്നുറപ്പ്.


## തനിമ, പരിശുദ്ധി, കേരളീയത
## കുടുംബശ്രീ ഉൽപ്പന്നങ്ങൾ



### രുചിയൂറും പറങ്കിനട്സ്

**കാ**സർഗോഡ് ജില്ലാപഞ്ചായത്ത് രൂപം നൽകിയ കശുവണ്ടി സംസ്കരണ യൂണിറ്റ് ഫലപ്രദമായി മുന്നോട്ടു പോകുന്നു. പറങ്കി നട്സ് എന്ന ബ്രാന്റ് നെയിമിൽ ഇറക്കുന്ന കശുവണ്ടിക്ക് വിപണിയിൽ ആവശ്യക്കാർ ഏറെയാണ്. കശുവണ്ടിയുടെ ഗ്രേഡിങ്ങിനനുസരിച്ച് വിലയിലും ഏറ്റക്കുറച്ചിൽ ഉണ്ടാകും. ഗുണമേന്മയേറുന്ന കശുവണ്ടി ആകർഷകമായ പായ്ക്കറ്റിൽ ലഭ്യമാണ്. ആവശ്യക്കാർക്ക് ഓർഡർ അനുസരിച്ച് എത്തിച്ചുകൊടുക്കുന്നതാണ്.

കുടുംബശ്രീ ഉൽപ്പന്നങ്ങൾ മൊത്തമായി വാങ്ങാനും വിതരണം നടത്താനും താത്പര്യമുള്ളവർ
മാർക്കറ്റിങ് ടീമുമായി ബന്ധപ്പെടുക. ഫോൺ–9895896716,9946121217
പ്രോഗ്രാം ഓഫീസർ (മാർക്കറ്റിംഗ്) : 9447815290


## കിസാൻ ക്രെഡിറ്റ് കാർഡ് വിതരണം



**കൊ**ല്ലം ജില്ലയിൽ കുടുംബശ്രീയുടെ ജെ.എൽ.ജി ഗ്രൂപ്പുകൾക്ക് വിവിധ ബാങ്കുകൾ കിസാൻ ക്രെഡിറ്റ് കാർഡ് വിതരണം ചെയ്തു. കൃഷി ചെയ്യുന്ന കുടുംബശ്രീ ഗ്രൂപ്പുകൾക്ക് വളരെ ലളിതവും വേഗത്തിലും വായ്പ ലഭ്യമാകുന്നതിന് കിസാൻ ക്രെഡിറ്റ് കാർഡ് സഹായിക്കും. ബാങ്ക് വായ്പയ്ക്കായി ഒരു തവണ രേഖകൾ സമർപ്പിച്ചാൽ മൂന്നു വർഷം വായ്പ ലഭിക്കുന്നതാണ്. കൂടാതെ അംഗങ്ങൾക്ക് ഇൻഷ്വറൻസിനും അർഹതയുണ്ടായിരിക്കും.

സംഘടനാ സംവിധാനത്തിന്റെ സാമൂഹ്യ നിയന്ത്രണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സംഘകൃഷി ഗ്രൂപ്പുകളെ കൂടുതൽ ചിട്ടപ്പെടുത്തി കൃഷി വ്യാപിപ്പിക്കുന്നതിനും ബാങ്കു വായ്പയും പലിശ സബ്സിഡിയും ലഭ്യമാക്കുന്നതിനും വേണ്ടിയാണ് നബാർഡിന്റെ ആശയമനുസരിച്ച് കുടുംബശ്രീ മിഷൻ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ (ജെ.എൽ.ജി) രൂപീകരിച്ച് കൃഷി വ്യാപിപ്പിച്ചത്. കിസാൻ ക്രെഡിറ്റ് കാർഡ് വിതരണം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശാരദാ മുരളീധരൻ ഐ.എ.എസ് ഉദ്ഘാടനം ചെയ്തു. നബാർഡ് അസി. ജനറൽ മാനേജർ രോഹിണി വർമ്മ, ലീഡ് ബാങ്ക് മാനേജർ ഗോപീകൃഷ്ണൻ, ജില്ലയിലെ വിവിധ ബാങ്കുകളുടെ മാനേജർമാർ, കൊല്ലം കുടുംബശ്രീ ജില്ലാമിഷൻ ടീം അംഗങ്ങൾ, മൈക്രോസംരംഭത്തിന്റെ പ്രോഗ്രാം ഓഫീസർ ശോഭാലക്ഷ്മി എന്നിവർ പങ്കെടുത്തു.

## കുടുംബശ്രീ ഐ. ഐ. റ്റി. എഫിൽ വിറ്റുവരവ് 2.50 ലക്ഷം

**ഡ**ൽഹിയിലെ പ്രഗതി മൈതാനിയിൽ നടന്ന 30–ാമത് ഇന്ത്യൻ അന്താരാഷ്ട്ര വ്യാപാരമേളയിൽ കുടുംബശ്രീ പങ്കെടുത്തു. വിറ്റുവരവ് 2.50 ലക്ഷം. ഐ.റ്റി.പി.ഒ (Indian Trade Promotion Organization) യുടെ നേതൃത്വത്തിലുള്ള കേരള പവലിയനിലാണ് കുടുംബശ്രീ സ്ഥാനം പിടിച്ചത്. കഴിഞ്ഞ തവണ ഐ.ഐ.റ്റി.എഫിലൂടെ ലഭിച്ച വിറ്റുവരവ് 3.10 ലക്ഷം രൂപയാണ്.

തഴ, ചിരട്ട, പേപ്പർ, ഉണങ്ങിയ പൂക്കൾ തുടങ്ങിയവകൊണ്ടുള്ള കരകൗശല വസ്തുക്കൾ, വെളിച്ചെണ്ണ, ഉരുക്കുവെളിച്ചെണ്ണ, പനമ്പാനി, വിവിധതരം പപ്പടങ്ങൾ, സുവനിയറുകൾ, വിവിധതരം ബാഗുകൾ, ഹെർബൽ ഉത്പന്നങ്ങൾ എന്നിവയുടെ വൻശേഖരമായിരിന്നു കുടുംബശ്രീ ഒരുക്കിയത്. കുടുംബശ്രീ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനുതകുന്ന വ്യാപാരമേളയെ സംരംഭകർ പ്രതീക്ഷയോടെയാണ് ഉറ്റുനോക്കിയത്. സ്ത്രീശാക്തീകരണത്തിലൂടെ സാമ്പത്തിക ശാക്തീകരണം ലക്ഷ്യമിടുന്ന കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെട്ടതും പുരോഗതിയ്ക്ക് ഉതകുന്നതുമാണെന്നാണ് വ്യക്തമാകുന്നത്. സംസ്ഥാനത്തെ വിവിധ ജില്ലകളിലെ ഏറ്റവും ഗുണമേന്മയുള്ള ഉത്പന്നങ്ങൾ തെരഞ്ഞെടുത്തായിരുന്നു അന്താരാഷ്ട്രാ വ്യാപാരമേളയ്ക്ക് എത്തിച്ചത്. ഉപഭോക്താക്കളുടെ നിരന്തര അഭ്യർത്ഥന മാനിച്ച് ഡൽഹിയിലെ മുനീർക്കയിൽ പ്രവർത്തിക്കുന്ന കേരളസ്റ്റോളിൽ കുടുംബശ്രീ ഉത്പന്നങ്ങൾ ലഭ്യമാക്കാനുള്ള സഹായവും കുടുംബശ്രീ ഒരുക്കിയിട്ടുണ്ട്.

## പരിശീലകർക്കുള്ള പരിശീലനവുമായി ഏക്സാത്

**ക**ണ്ണൂർ ജില്ലയിൽ 'ശില്പി' എന്ന പേരിൽ പരിശീലകർക്കുള്ള പരിശീലനം സംഘടിപ്പിച്ചു. പത്തനംതിട്ട കുടുംബശ്രീ ജില്ലാമിഷന്റെ നിർദ്ദേശപ്രകാരം ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട പരിശീലക ഗ്രൂപ്പായ stem-ins നു വേണ്ടി നടത്തിയ പരിശീലനത്തിൽ stem-ins നുപുറമെ ഏക്സാത് പുതുതായി കണ്ടെത്തിയ റിസോഴ്സ്പേഴ്സൺമാരടക്കം 14 പേർ പരിശീലനത്തിൽ പങ്കെടുത്തു. പരിശീലനത്തിന് നേതൃത്വം നൽകിയത് കോഴിക്കോട് ഏക്സാത് ട്രെയിനിംഗ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് അംഗങ്ങളായ ജയൻ, സനിൽ, അനിൽകുമാർ, ബിജു എന്നിവരായിരുന്നു.



Printed, Published and owned by Sarada Muraleedharan IAS, Executive Director, Kudumbashree, State Poverty Eradication Mission, Government of Kerala, Published from 2nd Floor, TRIDA Building, Chalakkuzhi Road, Medical College (P.O.), Thiruvananthapuram, Design & Layout: Communique, Tvm-1, Printed at: Kerala State Audio Visual & Reprographic Centre, Editor P.Veena ,Editorial Assistant S.Jayalekshmi